# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **114/2026** തിരുവനന്തപുരം, തീയതി : **05/06/2026**

## പത്രക്കുറിപ്പ്

**കേരളസർവകലാശാല ഒന്നാം വർഷ എംഎഡ് പ്രവേശനം – 2026 ജനറൽ/ കമ്മ്യൂണിറ്റി ക്വാട്ട /എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ/ മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവർക്ക് 08/06/2026 ന് സ്പോട്ട് അലോട്ട്മെന്റ്**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ് / സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എംഎഡ് കോഴ്സിലേയ്ക്ക് 08/06/2026 ന് കേരളസർവകലാശാല സെനറ്റ് ഹാൾ, പാളയം തിരുവനന്തപുരം വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് **(Graduates of other Universities), Non Creamy Layer Certificate (for SEBC Candidates),** കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് **(SC, ST Candidates) EWS** സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് **(for Differently Abled Candidates),** മറ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് അനുമതിപത്രം **(authorization letter)** നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.

നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ എല്ലാ അസൽ രേഖകളുമായി 2026 ജൂൺ 9,10 തീയതികളിൽ അതാത് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎംഎസ് ഹോട്ടൽ മാനേജ്മെന്റ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017, 2018, 2020 അഡ്മിഷൻ) ബിരുദ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി (2021 അഡ്മിഷൻ മുതലുള്ളവരുടെ) ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയ

ത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് കോഴ്സ് (2013 സ്കീം – മേഴ്സിചാൻസ് – 2014 അഡ്മിഷൻ), ജൂൺ 2026 പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജൂലൈ 20 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2026 ജൂണിൽ നടത്തിയ എട്ടാം സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്), ജൂൺ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ജൂൺ 09, 11 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂൺ 17 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ **FYUGP** (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ജൂൺ 2026 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**